നം. CEE/4050/2016/ KEAM -2017/ TA.1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം–2017

### സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി ക്വാട്ടയിലേയ്ക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികളിൽ നിന്നും ന്യൂനപക്ഷ സമുദായ സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചു

16.08.2017 ലെ സർക്കാർ ഉത്തരവ് നം. (സാധാ) 2279/2017/ആ.കു.വ പ്രകാരം കരുണ മെഡിക്കൽ കോളേജ്, പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ എന്നീ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും കണ്ണൂർ ദന്തൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ എന്ന സ്വകാര്യ സ്വാശ്രയ ദന്തൽ കോളേജിലും ഏതാനും സീറ്റുകൾ പ്രസ്തുത കോളേജ് മാനേജ്മെന്റുകൾ പ്രതിനിധാനം ചെയ്യുന്ന ന്യൂനപക്ഷ സമുദായ ത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുണ്ട്. നേരത്തേ ഈ കോളേജിലെ സീറ്റ് ഘടനയും, ന്യൂനപക്ഷ സമുദായ മാനദണ്ഡങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിച്ചിട്ടില്ലാതിരുന്നതിനാൽ ഇവയിലെ ന്യൂനപക്ഷ ക്വാട്ടയിലേയ്ക്ക് അപേക്ഷകൾ മറ്റ് കോളേജുകളോടൊപ്പം ക്ഷണിച്ചിരുന്നില്ല. ഈ എം.ബി.ബി.എസ്/ ബി.ഡി.എസ് സീറ്റുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത ന്യൂനപക്ഷ സമുദായം തെളിയിക്കുന്നതിന് റവന്യൂ അധികാരികളിൽ നിന്നും ലഭിക്കുന്ന മൈനോറിറ്റി/കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സംസ്ഥാന പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഹാജരാക്കേണ്ടതുണ്ട്.

മേല്പറഞ്ഞ സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ദന്തൽ കോളേജുകളിൽ ന്യൂനപക്ഷ ക്വാട്ടയായി മാറ്റിവച്ചിട്ടുള്ള എം.ബി.ബി.എസ്/ബി.ഡി.എസ് സീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'KEAM 2017-Candidate Portal'** എന്ന ലിങ്കിലൂടെ അവരവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Minority Quota'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്യുമ്പോൾ ന്യൂനപക്ഷ സമുദായ വിഭാഗങ്ങളുടെ പട്ടിക ലഭ്യമാകുന്നതാണ്. ഓരോ വിഭാഗത്തിനും നേരെ അതത് വിഭാഗത്തിൽപ്പെടുന്നതിനുള്ള യോഗ്യത, സമുദായം തെളിയിക്കുന്നതിന് സമർപ്പിക്കേണ്ട രേഖ എന്നിവ കാണിച്ചിട്ടുണ്ട്. അതത് സമുദായത്തിനു നേരെ നൽകിയിട്ടുള്ള കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റിന്റെ പ്രൊഫോർമയുടെയും വിദ്യാർത്ഥിയുടെ വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയുടെയും പ്രിന്റൗട്ട് എടുത്ത് റവന്യൂ അധികാരികളിൽ നിന്നും സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങിയ ശേഷം പൂരിപ്പിച്ച വ്യക്തിഗത വിവരങ്ങളുടെ പ്രൊഫോർമയോടൊപ്പം **2017 ആഗസ്റ്റ് 21 വൈകുന്നേരം 5 മണി**ക്ക് മുൻപായി **പ്രവേശന പരീക്ഷാ കമ്മീഷണർ, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ നേരിട്ടോ, രജിസ്റ്റേർഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ എത്തിക്കേണ്ടതാണ്.

റവന്യൂ അധികാരികളിൽ നിന്നുള്ള സമുദായ സർട്ടിഫിക്കറ്റുകൾ മാത്രമേ പരിഗണിക്കുകയുള്ളൂ. അപാകതകൾ ഉള്ളതും അപൂർണ്ണവുമായ സർട്ടിഫിക്കറ്റുകൾ പരിഗണിക്കുന്നതല്ല. സർട്ടിഫിക്കറ്റുകൾ/രേഖകൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അയയ്ക്കുന്നതിനു മുൻപായി സമുദായ സർട്ടിഫിക്കറ്റുകൾ പൂർണ്ണവും, അപാകതകൾ ഇല്ലാത്തതുമാണെന്നും, റവന്യൂ അധികാരികളുടെ ഒപ്പ്, സീൽ എന്നിവ പതിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

**കുറിപ്പ്:–**

1. മുസ്ലീം സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ KEAM 2017 അപേക്ഷയോടൊപ്പം റവന്യൂ അധികാരികളിൽനിന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ കോഴ്സുകളിലെ മുസ്ലീം കാറ്റഗറി ലിസ്റ്റിൽ ഉൾപ്പെടുകയും ചെയ്തിട്ടുള്ള പക്ഷം അവർ കേരള മുസ്ലീം വിഭാഗത്തിൽപ്പെടുന്നതിനായി വീണ്ടും റവന്യൂ അധികാരികളിൽ നിന്നുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതില്ല.
2. മുസ്ലീം മത വിഭാഗത്തിൽപ്പെടുന്നതും മലബാർ പ്രദേശത്തോ, പാലക്കാട്/കണ്ണൂർ/കാസർഗോഡ് ജില്ലയിൽ ഉൾപ്പെടുന്നവരുമായ വിദ്യാർത്ഥികൾ ആ വിഭാഗത്തിനായി നിഷ്കർഷിച്ചിട്ടുള്ള സർട്ടിഫിക്കറ്റ് സമർപ്പിക്കുന്ന പക്ഷം അവരെ പ്രസ്തുത വിഭാഗത്തിലും കേരള മുസ്ലീം വിഭാഗത്തിലും ഉൾപ്പെടുത്തുന്നതാണ്. അവർ കേരള മുസ്ലീം വിഭാഗത്തിന് ലഭ്യമായ മൈനോറിറ്റി സീറ്റുകളിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിനായി പ്രത്യേകം സർട്ടിഫിക്കറ്റുകൾ സമർപ്പിക്കേണ്ടതില്ല.

തിരുവനന്തപുരം
17.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**